"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണനല്ലൂർ എം.ജി യു.പി.എസ്സ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9652/2025/GEDN തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:-
1. സ.ഉ(കൈ)നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. കണ്ണനല്ലൂർ എം.ജി യു.പി.എസ്സ് മാനേജർ 28.05.2025 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.09.2025 ലെ B1/1609/2025 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.09.2025 ലെ F(4)/18529/2025/DGEv നമ്പർ കത്ത്

**ഉത്തരവ്**

കണ്ണനല്ലൂർ എം.ജി.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയി നിയമനം നിരസിക്കപ്പെട്ട ശ്രീ. അർഷാദ് കബീറിനെ 23.09.2025 തീയതിയിൽ വാദം കേട്ടു.

2.ഹർജിക്കാരന്റെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു :

കൊല്ലം ജില്ലയിൽ ചാത്തന്നൂർ വിദ്യാഭ്യാസ ഉപജില്ലയിൽപെട്ട കണ്ണനല്ലൂർ എം.ജി.യു.പി. സ്കൂളിൽ 2023-24 വർഷം അനുവദിച്ചു നൽകിയ അധിക യു.പി.എസ്.റ്റി. തസ്തികയിൽ ശ്രീ. അർഷാദ് കബീർ-നെ 01-10-2024 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചു. ടി നിയമനം ചാത്തന്നൂർ എ.ഇ.ഒ. നിരസിച്ചതിനെ തുടർന്ന് കൊല്ലം ഡി.ഇ.ഒ. യ്ക്ക് അപ്പീൽ സമർപ്പിച്ചു. ടി അപ്പീലും നിരസിച്ചതിനെ തുടർന്ന് കൊല്ലം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു റിവിഷൻ

അപ്പിൽ സമർപ്പിച്ചു. ടി റിവിഷൻ അപ്പീലും നിരസിച്ചതിനാലാണ് ഈ റിവിഷൻ അപ്പീൽ സമർപ്പിക്കുന്നത്.

അധിക തസ്തികയിലെ നിയമനമാകയാൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) പ്രകാരമുള്ള നിബന്ധന പാലിച്ചല്ല നിയമനം നടത്തിയിരിക്കുന്നതെന്ന കാരണം ഉന്നയിച്ചാണ് നിയമനം നിരസിച്ചിരിക്കുന്നത്. 06-02-2021-ലെ ജിഒ(പി)നം. 04/2021/പൊ.വി.വ പ്രകാരം 2019-20 വരെയുള്ള അധിക തസ്തികയിലെ നിയമനങ്ങൾ മാനേജർമാരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകിയതുപോലെ അധിക തസ്തികയിലെ നിയമനങ്ങൾ 1:1 അനുപാതം പാലിച്ച് നടത്തുന്നതു സംബന്ധിച്ച് ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൻ്റെ അന്തിമവിധിക്കു വിധേയമായി പാലിക്കുന്നതാണെന്ന് സത്യപ്രസ്താവന നൽകാൻ തയ്യാറാണ്. ടി സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീ അർഷാദ് കബീർ-ൻ്റെ നിയമനം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു :**

കണ്ണനല്ലൂർ എം.ജി.യു.പി. സ്കൂളിലെ 2024-25 വർഷത്തെ യു.പി.എസ്.റ്റി അധിക തസ്തികയിൽ മാനേജർ ശ്രീ.അർഷാദ് കബീർ-നെ 01.10.2024 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചു. 2019-20-നു ശേഷം ഉണ്ടായ അധിക തസ്തികയിൽ നിയമനം നടത്തുമ്പോൾ നിയമനങ്ങൾക്കു 1:1 അനുപാതം പാലിക്കേണ്ടതും ഇതിൽ ആദ്യത്തെ ഒഴിവു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുകയും ചെയ്യണം എന്നുള്ള കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2)-ലെയും അധിക തസ്തികയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കുന്നതിനു മേൽ നിയമനം നടത്തുമ്പോൾ മാനേജർ തയ്യാറായിട്ടില്ല, ഒഴിവ് സ്ഥാപിതമല്ല എന്നീ കാരണങ്ങളാൽ ടി നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി.

മേൽ നിരസിക്കൽ ഉത്തരവിനെതിരെ മാനേജർ ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. 23.08.2024 തീയതിയിലെ

സ.ഉ.(കൈ)നം.106/2024/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷത്തെ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവാകുകയും ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 31/08/2024 തീയതിയിലെ ഡി/55663/2023 നമ്പർ തസ്തിക നിർണയ ഉത്തരവ് (2023-24 ഭേഗതി ഉത്തരവ്) പ്രകാരം ഒരു അധിക ഡിവിഷനും അതുവഴി ഒരു അധിക യു.പി.എസ്.ടി തസ്തികയും, ഒരു ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികയും അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവ് ഭേദഗതി വരുത്തുകയും ശുപാർശ ചെയ്തിരുന്ന അധിക തസ്തികകൾ കുറച്ചു ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ ഡി/772614/2024 തീയതി 11/09/2024 പ്രകാരം തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ചു നൽകുകയും ചെയ്തു. 2024-25 വർഷം അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. വ്യവസ്ഥാപിതമല്ലാത്ത ഒഴിവിലാണ് ശ്രീ.അർഷാദ് കബീർ-നെ നിയമിച്ചിരിക്കുന്നത്. കൂടാതെ അധിക തസ്തികകളിൽ നിയമനം നടത്തുമ്പോൾ നിയമനങ്ങൾക്ക് 1:1 അനുപാതം പാലിക്കേണ്ടതും ഇതിൽ ആദ്യത്തെ ഒഴിവു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുകയും ചെയ്യണമെന്നുള്ള കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2)-ലെയും അധിക തസ്തികയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും നിബന്ധനകൾ പാലിക്കുന്നതിനു മേൽ നിയമനം നടത്തുമ്പോൾ മാനേജർ തയ്യാറായിട്ടില്ല. ടി സാഹചര്യത്തിൽ ജില്ലാ ഓഫീസിലെ 21/01/2025-ലെ ബി1/797392/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു നൽകി.

ഇതിനെതിരെ മാനേജർ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചുവെങ്കിലും നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ നിയമപരവും നിലനിൽക്കുന്നതുമാകയാൽ മാനേജരുടെ റിവിഷൻ ഹർജി ഇപ്പോഴും കാര്യാലയത്തിലെ 11/05/2025-ലെ എഫ്.4/813425/2025 നമ്പർ നടപടി ഉത്തരവ് പ്രകാരം നിരസിച്ച് നൽകിയിരുന്നു. വ്യവസ്ഥാപിതമല്ലാത്ത ഒഴിവിലെ നിയമനം ആയതിനാലും അധിക തസ്തികകളിൽ നിയമനം നടത്തുമ്പോൾ നിയമനങ്ങൾക്ക് 1:1 അനുപാതം പാലിക്കേണ്ടതും ഇതിൽ ആദ്യത്തെ ഒഴിവു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുകയും ചെയ്യണമെന്നുള്ള കെ.ഇ.ആർ

അദ്ധ്യായം XXI ചട്ടം 7(2)-ലെയും അധിക തസ്തികയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും നിബന്ധനകൾ പാലിക്കുന്നതിനു മേൽ നിയമനം നടത്തുമ്പോൾ മാനേജർ തയ്യാറായിട്ടില്ല എന്നതിനാലും കണ്ണനല്ലൂർ എം.ജി.യു.പി.എസ്-ൽ യു.പി.എസ്.റ്റി തസ്തികയിൽ നിയമിച്ച ശ്രീ.അർഷാദ് കബീർ-ന്റെ 01/10/2024 മുതലുള്ള നിയമനം നിരസിച്ചതിനെതിരെ മാനേജർ ബഹു. ഗവ. സെക്രട്ടറിയ്ക്ക് നൽകിയ റിവിഷൻ ഹർജി പരിഗണന അർഹിക്കുന്നില്ലായെന്ന വിവരം പൊതു വിദ്യാഭ്യാസ ഉദ്യോഗസ്ഥർ അറിയിച്ചു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2024-25 വർഷത്തിൽ തസ്തിക നിർണ്ണയത്തിൽ ടി സ്കൂളിൽ ഒരു അധിക ഡിവിഷനും അതു വഴി ഒരു അധിക യു.പി.എസ്.ടി. തസ്തികക്കും ഒരു ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികക്കും ശുപാർശ ചെയ്തിരുന്നു.

5.2023-24 വർഷവും തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു അധിക ഡിവിഷനും അതു വഴി ഒരു അധിക യു.പി.എസ്.ടി. തസ്തികക്കും ഒരു ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികക്കും ശുപാർശ ചെയ്തിരുന്നു. സ.ഉ.(കൈ) നം.106/2024/GEDN തീയതി 23-08-2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 ലെ അധിക തസ്തികകൾ അനുവദിച്ചു ഉത്തരവാകുകയും 31/08/2024 തീയതിയിലെ D/55663/2023 നമ്പർ തസ്തിക നിർണയ ഉത്തരവ് (2023-24 ഭേദഗതി ഉത്തരവ്) പ്രകാരം ഒരു അധിക ഡിവിഷനും അതു വഴി ഒരു അധിക യു.പി.എസ്.ടി. തസ്തികക്കും യു.പി.എസ്.ടി. ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികയും അനുവദിച്ചു നൽകുകയും ചെയ്തു.

6.2024-25 വർഷത്തിൽ തസ്തിക നിർണ്ണയത്തിൽ ടി സ്കൂളിൽ 1 അധിക ഡിവിഷനും അതു വഴി 1 അധിക യു.പി.എസ്.ടി. തസ്തികക്കും 1 ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികക്കും ശുപാർശ ചെയ്തിരുന്നത് ഭേദഗതി വരുത്തുകയും പ്രസ്തുത തസ്തികകൾ കുറച്ചു തസ്തിക നിർണ്ണയ ഉത്തരവ് പരിഷ്കരിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ

വ്യവസ്ഥാപിതമല്ലാത്ത ഒഴിവിലാണ് ശ്രീ.അർഷാദ് കബീർ-നെ നിയമിച്ചിരിക്കുന്നത്. കെ.ഇ.ആർ. അദ്ധ്യായം 21ചട്ടം 7(2) പ്രകാരം അധിക തസ്തികകളിലെ നിയമനങ്ങളിൽ 1 : 1 റേഷ്യോ പാലിച്ചാണ് നിയമനം നടത്തേണ്ടത്. 1:1 അനുപാതം പാലിക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസിന്റെ അന്തിമവിധിക്ക് വിധേയമായി ഉത്തരവ് പാലിക്കുമെന്ന് സത്യപ്രസ്താവന നൽകാൻ തയ്യാറാണെന്ന് മാനേജർ അറിയിച്ചിട്ടുണ്ടെങ്കിലും വ്യവസ്ഥാപിതമല്ലാത്ത ഒഴിവിലെ നിയമനം ആയതിനാൽ ശ്രീ. അർഷാദ് കബീറിന്റെ റിവിഷൻ ഹർജി പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചു ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

മാനേജർ, എം.ജി യു.പി.എസ്സ്, കണ്ണനല്ലൂർ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 13-11-2025 17:42:17

സെക്ഷൻ ഓഫീസർ